**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5943** **16-03-2023 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്ത് ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾക്ക് ഏറ്റവും കൂടുതൽ സേവനം നൽകുന്ന ത്രിതല പഞ്ചായത്ത് ജീവനക്കാർക്ക് അവരുടെ കാര്യക്ഷമത വർധിപ്പിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | ത്രിതല പഞ്ചായത്ത് ജീവനക്കാർക്ക് അവരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ കില ഒട്ടനേകം പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. സുസ്ഥിരവികസനം, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യം ,ദുരന്തനിവാരണം ,ലിംഗനീതി, ബാലസൗഹൃദം, ഭിന്നശേഷി സൗഹൃദം ,വയോജന സൗഹൃദം, ദാരിദ്ര്യ ലഘൂകരണം, തുടങ്ങി ഒട്ടനവധി വിഷയ മേഖലകളിൽ കില പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കുള്ള പരിശീലനത്തിന്റെ ട്രെയിനിംഗ് നീഡ്സ് അസ്സസ്മെന്റ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ ജീവനക്കാർക്കും നിശ്ചിത ഇടവേളയിൽ പരിശീലനം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | എല്ലാ ജീവനക്കാർക്കും നിശ്ചിത ഇടവേളകളിൽ പരിശീലനം നൽകാറുണ്ട്. സേവനത്തിൽ പ്രവേശിക്കുന്ന വേളയിലും, സ്ഥാന കയറ്റം ലഭിക്കുമ്പോഴും പരിശീലനം നൽകിവരുന്നുണ്ട്. അതോടൊപ്പം വിഷയാടിസ്ഥാനത്തിൽ യഥാസമയങ്ങളിലും, സോഫ്റ്റ് വെയറുകളുടെ ഉപയോഗങ്ങൾ സംബന്ധിച്ചും കൃത്യമായ ഇടവേളകളിലും ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. |
| (സി) | ഇങ്ങനെ പരിശീലനം നൽകുന്നതിന് കിലയുടെ ബ്രാഞ്ചുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ അഞ്ചു ജില്ലകളിൽ കിലയുടെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ എല്ലാ ജില്ലകളിലുമായി 152 ബ്ലോക്ക്തല റിസോഴ്സ് സെന്ററുകളും, 10 ജില്ലാതല റിസോഴ്സ് സെന്ററുകളും തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ജനങ്ങൾക്ക് ഏറ്റവും വേഗം സേവനം ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് | (ഡി) | ഗ്രാമ പഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും, സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ |

| | |
|---|---|
| വ്യക്തമാക്കുമോ? | സമയവും പൊതു ജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്) സോഫ്റ്റ് വെയർ സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.<br><br>ഒറ്റ ലോഗിനിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ഐ.എൽ.ജി.എം.എസ് ന്റെ സവിശേഷത. വിഭിന്നങ്ങളായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വിവര സാങ്കേതിക വിദ്യ പ്രയോഗത്തിൽ വരുത്തുന്നതിനും, അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമാക്കുന്നതിനും കഴിയുന്ന രീതിയിൽ കടലാസ് രഹിത ഫയൽ നീക്കമാണ് സോഫ്റ്റ് വെയറിൽ വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ ഉപയോഗിച്ചു വരുന്ന വിവിധ സോഫ്റ്റ് വെയറുകൾ ഒറ്റ ലോഗിനിലൂടെ ലഭ്യമാക്കുകയും, സർക്കാർ സംവിധാനത്തിൽ നിലവിൽ ഉപയോഗിച്ചു വരുന്ന മറ്റ് വെബ് അധിഷ്ഠിത സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ പഞ്ചായത്തുകൾ നൽകി വരുന്ന സേവനങ്ങളുടെ ഗുണനിലവാരം പരമാവധി കുറ്റമറ്റതാക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. നിയമാനുസൃതമായും സമയബന്ധിതമായും, കാര്യക്ഷമതയോടെയും സുതാര്യത ഉറപ്പുവരുത്തിക്കൊണ്ടും ലോകത്തിന്റെ ഏതു കോണിലിരുന്നും ഏതു സമയത്തും സേവനം പ്രാപ്യമാക്കി ഗ്രാമ പഞ്ചായത്തുകളെ ജന സ്വീകാര്യ സേവന കേന്ദ്രങ്ങളായി മാറ്റാനും മികച്ച നിലവാരത്തിലേക്ക് ഉയർത്താനും സജ്ജമായ രീതിയിലാണ് ഐ.എൽ.ജി.എം.എസ് തയ്യാറാക്കിയിരിക്കുന്നത്.<br><br>ഇതുകൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗത്തിലിരിക്കുന്ന വിവിധ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളെ ഒരൊറ്റ മൊബൈൽ അധിഷ്ഠിത ആപ്ലിക്കേഷനായി സമന്വയിപ്പിച്ച് ഓരോ പൗരനും ഒരൊറ്റ സൈൻ ഓൺ, ഒരു ഡാഷ് ബോർഡും വഴി സർക്കാർ സേവനങ്ങൾ പൗരന്മാർക്ക് അവരുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനായി മൈക്രോ സർവ്വീസ് "ആർക്കിടെക്ചർ-ൽ ക്ലൗഡ്" അധിഷ്ഠിത പ്ലാറ്റ്ഫോമിൽ കെ-സ്മാർട്ട് എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഐ.കെ.എം വഴി വികസിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|

സെക്ഷൻ ഓഫീസർ